**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **26-07-2021 - ൽ മറുപടിയ്ക്ക്**

**ചരക്ക് കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചരക്കുകടത്തിന്റെ ഇരുപത് ശതമാനം എങ്കിലും കപ്പൽ മാർഗ്ഗം വഴിയാക്കിയാൽ ദേശീയ പാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ അതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ ചരക്കുകടത്തിന്റെ 20% എങ്കിലും കപ്പൽ മാർഗ്ഗം ആക്കിയാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ ആയതിനേറ്റവും അനുയോജ്യമായ ബദൽ സംവിധാനം എന്ന നിലയിൽ സർക്കാർ തീരദേശ കപ്പൽ ഗതാഗതപദ്ധതി 2013 നവംബറിൽ ആരംഭിച്ചിരുന്നു. ഇടക്ക് വെച്ച് ഈ പദ്ധതി തടസ്സപ്പെട്ടു. നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 03/07/2021 മുതൽ സർവ്വീസുകൾ നടത്തിവരുന്നു. |
| (ബി) | പുതുതായി ആരംഭിച്ച അഴീക്കൽ-കൊച്ചി ചരക്ക് കപ്പൽ സർവ്വീസ് കൊല്ലത്തേക്ക് നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; കപ്പൽ വഴിയുള്ള ചരക്കുകടത്തിന് നൽകി വരുന്ന ഇൻസെന്റീവിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം കൊല്ലത്തേക്കും നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് കേരളത്തിൽ അത്ര കണ്ട് വികസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കണ്ടെയ്നറുകളുടെ എണ്ണം കണക്കാക്കി ഇൻസെന്റീവ് നൽകി വരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കായി NATPAC നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെയുള്ള ചരക്കു കൂലിയുടെ 50% ഇൻസെന്റീവ് നിശ്ചയിച്ച് 04-06-2020 ലെ സ.ഉ.(സാധാ)നം.308/2020/മഉവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വിനോദ സഞ്ചാരം, യാത്രക്കാരുടെ സഞ്ചാരം എന്നീ | (സി) | കോവളം കന്യാകുമാരി സീ റൂട്ടിൽ ഒരു High Speed |

| | | | |
|---|---|---|---|
| | മേഖലകളിൽ കൂടി തീരക്കടൽ ഗതാഗതത്തിന്റെ സാധ്യത വിനിയോഗിക്കുന്നതിന് അതിവേഗ സഞ്ചാരോപാധിയായ കറ്റമരൻ ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തുമോ? | | Ferry Service ആരംഭിക്കുന്നതിനായി സാദ്ധ്യതാ പഠനം നടത്തുന്നതിനായി M/s.NATPAC – നെ ചുമതലപ്പെടുത്തി. M/s.NATPAC സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള Technical and Financial Feasibility പഠനം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ